# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with ‘A+’Grade**
**OFFICE OF THE PUBLIC RELATIONS**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in**


തീയതി : 14.12.2023

പ്രസിദ്ധീകരണത്തിന്

## 1) സംസ്കൃത സർവ്വകലാശാലയും കോട്ടയ്ക്കൽ ആര്യവൈദ്യശാലയും സഹകരിക്കും; 15 ന് ധാരണാപത്രം കൈമാറും

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയും കോട്ടയ്ക്കൽ ആര്യവൈദ്യശാലയും സഹകരിച്ച് പ്രവർത്തിക്കുവാൻ തീരുമാനമായതായി വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ അറിയിച്ചു. പുസ്തക പ്രസിദ്ധീകരണം, ഇന്ത്യൻ വിജ്ഞാനപദ്ധതികളിൽ സെമിനാറുകളുടെ സംഘാടനം, മെഡിക്കൽ  മേഖലയുമായി ബന്ധപ്പെട്ട കൈയ്യെഴുത്തുപ്രതികളുടെ സമാഹരണം, സംരക്ഷണം, സംസ്കൃതം വിദ്യാർത്ഥികൾക്ക് മെഡിക്കൽ കൈയ്യെഴുത്ത് പ്രതികൾ വായിക്കുവാൻ പഠിപ്പിക്കുക എന്നിവയാണ് ധാരണാപത്രത്തിലെ പ്രധാന സഹകരണ മേഖലകൾ. സംസ്കൃത സർവ്വകലാശാലയുടെ ബിരുദ-ബിരുദാനന്തര-ഗവേഷണ തലങ്ങളിലെ സംസ്കൃതം വിദ്യാർത്ഥികൾക്ക് കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ ഇന്റേൺഷിപ്പ് ചെയ്യുവാനുള്ള സൗകര്യവുമുണ്ട്. ഇത് സംബന്ധിച്ച ധാരണാപത്രം ഡിസംബർ 15 ന് കൈമാറുമെന്ന് പ്രൊഫ. എം. വി. നാരായണൻ പറഞ്ഞു.

## 2) സംസ്കൃത സർവ്വകലാശാല - കോട്ടയ്ക്കൽ ആര്യവൈദ്യശാല ധാരണാപത്രം കൈമാറ്റവും കൈക്കുളങ്ങര രാമവാരിയർ അനുസ്മരണവും 15 ന്

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയും കോട്ടയ്ക്കൽ ആര്യവൈദ്യശാലയും സംയുക്തമായി അക്കാദമിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതുമായി ബന്ധപ്പെട്ടുള്ള ധാരണാപത്രം ഡിസംബർ 15 ന് രാവിലെ 9.45 ന് കാലടി മുഖ്യ ക്യാമ്പസിലെ ലാംഗ്വേജ് ബ്ലോക്കിലുള്ള സെമിനാർ ഹാളിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു.  കഴിഞ്ഞ നൂറ്റാണ്ടിൽ സംസ്കൃത ഭാഷയെ മലയാളത്തോട് കൂട്ടിയിണക്കിയ കൈക്കുളങ്ങര രാമവാരിയർ അനുസ്മരണവും ഇതോടൊപ്പം സംഘടിപ്പിച്ചിട്ടുണ്ട്. വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ സെമിനാർ ഉദ്ഘാടനം ചെയ്യും. കോട്ടയ്ക്കൽ ആര്യവൈദ്യശാല ചീഫ് ഫിസിഷ്യനും മാനേജിംഗ് ട്രസ്റ്റിയുമായി ഡോ. പി. എം. വാരിയർ ആമുഖ പ്രഭാഷണം നിർവ്വഹിക്കും.  പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി അധ്യക്ഷയായിരിക്കും. രജിസ്ട്രാർ ഡോ. പി. ഉണ്ണികൃഷ്ണൻ, കോട്ടയ്ക്കൽ ആര്യവൈദ്യശാല സെന്റർ ഫോർ ടെക്സ്ച്വൽ സ്റ്റഡീസ് ആൻഡ് പബ്ലിക്കേഷൻസ് ചീഫ് എഡിറ്റർ പ്രൊഫ. കെ. മുരളി എന്നിവർ പ്രസംഗിക്കും. ഡോ. കെ. വി. ദിലീപ്കുമാർ സെമിനാറിൽ മോഡറേറ്ററായിരിക്കും. ഡോ. പി. പി. ജിഗീഷ്, ഡോ. കെ. യമുന, ഡോ. എം. വി. അനിൽകുമാർ, ഡോ. എം. സത്യൻ എന്നിവർ കൈക്കുളങ്ങര രാമവാരിയരുടെ വിവിധ സംഭാവനകളെ അധികരിച്ച് പ്രബന്ധങ്ങൾ അവതരിപ്പിക്കും.

## 3) സംസ്കൃത സർവ്വകലാശാല ഫുട്ബോൾ ടീം: സെലക്ഷൻ ട്രയൽസ് 15 ന്

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 2023-2024 അധ്യയന വർഷത്തെ ഇന്റർ യൂണിവേഴ്സിറ്റി ഫുട്ബോൾ ടൂർണമെന്റിനുള്ള സർവ്വകലാശാല ടീമിന്റെ (പുരുഷന്മാർ) സെലക്ഷൻ ട്രയൽസ് ഡിസംബർ 15 ന് രാവിലെ 11 ന് സർവ്വകലാശാലയുടെ കാലടി മുഖ്യകേന്ദ്രത്തിലുള്ള ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേദിവസം സർവ്വകലാശാല ഐഡന്റിറ്റി കാർഡുമായി എത്തിച്ചേരണം.

**ജലീഷ് പീറ്റർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ നം : 9447123075**